**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3540** — **14/10/2011-ലെ മറുപടിക്ക്**

# നഗര സുസ്ഥിര വികസന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ: | | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കോർപ്പറേഷനിൽ നഗര സുസ്ഥിര വികസന പദ്ധതി (കെ.എസ്.യു.ഡി.പി.) പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | 1.നഗരത്തിലെ റോഡുകളുടേയും ജംഗ്ഷനുകളുടേയും നവീകരണം.<br>2. മഴവെള്ള നിവാരണത്തിനായി ഓവുചാൽ നിർമ്മാണം.<br>3. മാലിന്യ നിർമ്മാർജ്ജനത്തിനായി അഴുക്കുചാൽ നിർമ്മാണവും, ജല മാലിന്യ ശുദ്ധീകരണ പ്രവർത്തിയും.<br>4. സാമൂഹ്യ വികസന പദ്ധതികൾ |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം പൂർത്തികരിച്ച പ്രവർത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) | റോഡ് നവീകരണത്തിന്റെ ഭാഗമായി, അരയിടത്ത് പാലം ഫ്ളൈ ഓവർ നിർമ്മാണവും, അരയിടത്ത് പാലം - എരഞ്ഞിപ്പാലം റോഡ് നവീകരണം (പാസ്പോർട്ട് ഓഫീസിനു സമീപമുള്ള കുറച്ച് സ്ഥലം ഒഴികെ), കവലകളുടെ നവീകരണം, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ട്രാഫിക്ക് സിഗ്നലുകൾ സ്ഥാപിക്കൽ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് 35 പ്രോജക്ടുകളും പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ